**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

# വിജ്ഞാപനം

## ത്രിവത്സര എൽ എൽ ബി കോഴ്സുകളിലേക്കുള്ള പ്രവേശനം- 2025

## റീഫണ്ടിനു അർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു

## റീഫണ്ടിനു അർഹരായ വിദ്യാർത്ഥികൾക്ക് ബാങ്ക് അക്കൌണ്ട് വിവരങ്ങൾ ഓൺലൈനായി സ്ഥിരീകരിക്കുന്നതിനുള്ള അവസരം

2025-26 അധ്യയന വർഷത്തെ ത്രിവത്സര എൽ എൽ ബി കോഴ്സുകളിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് റീഫണ്ടിനു അർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു . പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ബാങ്ക് അക്കൌണ്ട് വിവരങ്ങൾ ഓൺലൈനായി സമർപ്പിച്ചിട്ടുള്ളതും എന്നാൽ റീഫണ്ടിനു അർഹരുമായ വിദ്യാർത്ഥികൾക്ക് അവരവരുടെ ബാങ്ക് അക്കൌണ്ട് വിവരങ്ങൾ സ്ഥിരീകരിക്കുന്നതിനുള്ള അവസരം നൽകുന്നു.

വിദ്യാർത്ഥികൾക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ ' Three Year LL.B 2025 - Candidate Portal' എന്ന ലിങ്കിൽ ആപ്ലിക്കേഷൻ നമ്പർ, പാസ്സ് വേഡ്എന്നിവ നൽകി പ്രവേശിച്ച് 'Submit Bank Account Details' എന്ന മെനു ക്ലിക്ക് ചെയ്ത് അവരവരുടെ ബാങ്ക് അക്കൌണ്ട് വിവരങ്ങൾ പരിശോധിക്കാവുന്നതും, അക്കൌണ്ട് വിവരങ്ങൾ ശരിയാണെങ്കിൽ 'Confirm' ബട്ടൻ ക്ലിക്ക് ചെയ്ത് പ്രിന്റ് ഔട്ട് എടുക്കാവുന്നതുമാണ്. ബാങ്ക് അക്കൌണ്ട് വിവരങ്ങളിൽ തെറ്റുണ്ടെങ്കിൽ 'Edit' ബട്ടൻ ക്ലിക്ക് ചെയ്യുമ്പോൾ രജിസ്റ്റേർഡ് മൊബൈൽ നമ്പരിൽ ലഭിക്കുന്ന OTP ഉപയോഗിച്ച് മാറ്റങ്ങൾ വരുത്തി സേവ് ചെയ്യേണ്ടതാണ്. ശേഷം Confirmation നൽകി ബാങ്ക് അക്കൌണ്ട് വിവരങ്ങൾ അടങ്ങുന്ന സ്ലിപ് വെബ്സൈറ്റിൽ നിന്നും പ്രിന്റ് ഔട്ട് എടുക്കേണ്ടതാണ്. Confirmation നൽകാത്ത വിദ്യാർത്ഥികൾക്ക് ഓൺലൈൻ ആപ്ലിക്കേഷൻ സമർപ്പിച്ചപ്പോൾ നൽകിയ ബാങ്ക് അക്കൌണ്ടിലേയ്ക്ക് തന്നെ റീഫണ്ട് നൽകുന്നതാണ്. **25.12.2025 വൈകിട്ട് 5** മണിക്കുള്ളിൽ ഓൺലൈൻ ബാങ്ക് അക്കൌണ്ട് വിവരങ്ങൾ സ്ഥിരീകരിക്കേണ്ടതാണ്.

കുറിപ്പ്. വിദ്യാർത്ഥികൾ നൽകുന്ന ബാങ്ക് അക്കൌണ്ട് വിദ്യാർത്ഥികളുടേയോ രക്ഷിതാവിന്റേയോ

പേരിലുള്ളതായിരിക്കണം. ഓൺലൈനായി സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശരിയാണെന്ന് വിദ്യാർത്ഥികൾ ഉറപ്പ് വരുത്തേണ്ടതാണ്. സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ റീഫണ്ട് ലഭിക്കുകയുള്ളൂ. സിറോ ബാലൻസ് അക്കൗണ്ട്, ബേസിക് സേവിംഗ്സ് അക്കൗണ്ട്, ടൈനി അക്കൗണ്ട്, ജനപ്രിയ അക്കൗണ്ട് , എൻ.ആർ.ഐ അക്കൗണ്ട് എന്നിവയിൽ റീഫണ്ട് ലഭിക്കുന്നതല്ല. വിവരങ്ങൾ തെറ്റായി നൽകുന്നതുമൂലം റീഫണ്ട് തുക ലഭിക്കാതിരുന്നാൽ പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

**Signed by Arun S Nair**
**Date: 17-12-2025 18:30:05**

തിരുവനന്തപുരം
17-12-2025

**പ്രവേശന പരീക്ഷാ കമ്മീഷണർ**